കോ–ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ 21/2023

14.08.2023



## സഖാവ് മനോഹരന് ആദരാഞ്ജലികൾ

സഖാക്കളെ,

കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ അംഗവും മലാപ്പറമ്പ് ശാഖയിലെ OATD ജീവനക്കാരനും ആയിരുന്ന മനോഹരൻ ടി 08.08.2023ന് നിര്യാതനായി. അസുഖത്തെ തുടർന്ന് ദീർഘ കാലം ചികിത്സയിലായിരുന്നു. മറ്റൊരു സംഘടനയിൽ അംഗമായിരുന്ന സഖാവ് നമ്മുടെ സംഘടനയുടെ പ്രവർത്തന രീതി കണ്ട് ആകൃഷ്ടനായാണ് നമ്മുടെ സംഘടനയിൽ ചേർന്നത്. ദീർഘമായ മൂന്നരപ്പതിറ്റാണ്ട് കാലം സേവനമനുഷ്ടിച്ച അദ്ദേഹം അടുത്ത വർഷം ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കാനിരിക്കെയാണ് നമ്മെ വിട്ടു പിരിഞ്ഞത്. പഴയ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ നടേരി ശാഖയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച മനോഹരൻ മലാപ്പറമ്പ ബ്രാഞ്ചിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് മരണപ്പെട്ടത്. പരേതനായ കുന്നത്ത് മാധവൻ നായരുടെയും തച്ചനാത്ത് ദാക്ഷായണി അമ്മയുടെയും മകനാണ്. ഭാര്യ കൊയിലാണ്ടി കുറുവങ്ങാട് ഊരാളി വീട്ടിൽ ബിന്ദു. മക്കൾ ശ്യാം മനോഹർ (AKKR ഹൈസ്കൂൾ ചേളന്നൂർ), അഡ്വ. വിഷ്ണു മനോഹർ (ജില്ലാ കോടതി കോഴിക്കോട്). മരുമകൾ അശ്വിനി മലാപ്പറമ്പ്. സഹോദരങ്ങൾ സത്യഭാമ, മോഹനൻ, ഇന്ദിര, ബാബുരാജൻ, പരേതനായ അരവിന്ദാക്ഷൻ നായർ.

അകാലത്തിൽ നിര്യാതനായ സഖാവിന്റെ കുടുംബത്തിനുണ്ടായ ദുഃഖത്തിൽ സംഘടനയും പങ്കുചേരുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

kartine29.deviantart